തിരുവിതാംകൂർ–കൊച്ചി നിയമസഭയിൽ ഒഴിവുവന്നിട്ടുള്ള സ്ഥാനങ്ങൾ

*൨൩. ൭. (൧൫) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയം മറുപടി നൽകുമോ.—

(എ) സംയോജനത്തിനുശേഷം തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിലെ നിയമസഭയിൽ എത്ര സ്ഥാനങ്ങൾ ഒഴിവു വന്നിട്ടുണ്ട്;

(ബി) അപ്രകാരം ഒഴിവുവന്ന തിയ്യതികൾ എന്നാണ്;

(സി) ആ ഒഴിവുവന്ന സ്ഥാനങ്ങളിലേക്ക് സ്ഥാനാർത്ഥികളുടെ അപേക്ഷകൾ ക്ഷണിച്ചത് എന്നാണ്;

(ഡി) ആ സ്ഥാനങ്ങളിലേക്ക് മുഴുവനും തിരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞുവോ?

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൫.

(ബി) മീനച്ചിൽ നിയോജകമണ്ഡലം ൧൫—൭—൧൯൫൯.
പുമംഗലം നിയോജകമണ്ഡലം.....തിരുവിതാംകൂർ-കൊച്ചി സംയോജനസമയത്തുതന്നെ ഒഴിവായിരുന്നു.
നെടുമങ്ങാട് നിയോജകമണ്ഡലം.... ൨൫—൫—൧൯൫൩.
നെയ്യാറ്റിൻകര.... ൪—൨—൧൯൫൩.
കല്ലൂർ .... ൧൯—൯—൧൯൫൩.
വടക്കാഞ്ചേരി.... ൯—൫—൧൯൫൩.
മൂവാറ്റുപുഴ.... ൧൯—൫—൧൯൫൩.
തിരുവല്ലനാലാം നിയോജകമണ്ഡലം.. ൨൯—൫—൧൯൫൩.
(സി) മീനച്ചിൽ.... ൨൯—൫൨—൧൯൫൯.
പുമംഗലം.... ൯—൫—൧൯൫൯.
നെടുമങ്ങാട്.... ൪—൨൯—൧൯൫൩.
നെയ്യാറ്റിൻകര.... ൫൫—൭—൧൯൫൩.

മറ്റു നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ടില്ല.

(ഡി) മീനച്ചിൽ നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുപ്പു കഴിഞ്ഞു മറ്റു നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പു കഴിഞ്ഞിട്ടില്ല.

(ഇ) ആ നിയോജകമണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പു നടത്തുന്നതിനുള്ള നടപടികൾ ഗവൺമെൻറിൽനിന്നും എടുത്തുവരുന്നുണ്ട്.

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊട്ടങ്ങല്ലൂർ നിയോജകമണ്ഡലത്തെ ഇതിൽ നിന്നു ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒഴിവാക്കാത്തതുകൊണ്ടാണു ഇതിൽ ചേർക്കാത്തത്.

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊട്ടങ്ങല്ലൂർ നിയോജകമണ്ഡലത്തിൽനിന്നും ൩൦ ദിവസമായി മെമ്പർ ഈ സഭയിൽ ഹാജരാകാതെ ഇരിക്കുന്നതായി ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറുപതല്ല, അറുപത്തിരണ്ടു ദിവസം വേണം.

LIBRARY ARCHIVES Kerala Legislative Assembly